## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1931 — 16.06.2014-ൽ മറുപടിയ്ക്ക്

## കേരള സ്പോർട്സ് ഡവലപ്മെന്റ് ഫണ്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.ജോസഫ് വാഴക്കൻ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | കേരള സ്പോർട്സ് ഡവലപ്മെന്റ് ഫണ്ട് രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) | സംസ്ഥാനത്ത് സ്പോർട്സ് ഡെവലപ്മെന്റ് ഫണ്ട് രൂപീകരിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സ്പോർട്സ് വകുപ്പുമന്ത്രി ചെയർമാനായി ഒരു താൽക്കാലിക ട്രസ്റ്റി ബോർഡും രൂപീകരിച്ചിട്ടുണ്ട്. ട്രസ്റ്റ് ഡീഡ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | 1. ദേശീയ/അന്തർദേശീയ തലങ്ങളിൽ മികവ് നേടുന്നതിനായി സ്പോർട്സിന് പൊതുവായും, ചില പ്രത്യേക സ്പോർട്സ് ഇനങ്ങൾക്കും വ്യക്തികൾക്കും പ്രത്യേകമായും ഫണ്ട് ഉപയോഗപ്പെടുത്തുക.<br><br>2. പ്രധാനപ്പെട്ട കായിക ഇനങ്ങളിൽ പരിശീലകർ, കളിക്കാർ കായിക വിദഗ്ദ്ധർ മുതലായവർക്ക് പ്രത്യേക പരിശീലനം നൽകുക.<br><br>3. കായിക മികവ് വളർത്തുന്നതിന് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുക.<br><br>4. കായിക മികവ് വർദ്ധിപ്പിക്കുന്നതിനായി സർക്കാർ/സർക്കാരിതര സംഘടനകൾക്ക് കായിക ഉപകരണങ്ങൾ നൽകുക.<br><br>5. കായികരംഗത്തെ പ്രശ്നങ്ങൾ കണ്ടെത്തി റിസർച്ച്, വികസനാത്മക പഠനം മുതലായവ കായിക രംഗത്തും അനുബന്ധ ശാസ്ത്രങ്ങളിലും നടത്തുക. |

6. തനത് കായികയിനങ്ങളുടെ വികസനം ലക്ഷ്യമാക്കി അന്തർദ്ദേശീയ സഹകരണം വളർത്തുക.

7. പരിക്കിന്റെ സ്വഭാവം അടിസ്ഥാനമാക്കി പരിശീലന സമയത്തോ, മത്സരത്തിനിടയ്ക്കോ അപകടം സംഭവിച്ച മികവുറ്റ കായികതാരങ്ങൾക്ക് സഹായം നൽകുക.

8. മികവുറ്റ കായിക താരങ്ങൾക്ക് കളികൾക്കിടയിലോ, പരിശീലനത്തിനിടയിലോ ഉണ്ടായ അപകടങ്ങൾ കാരണം വൈകല്യം സംഭവിച്ചുവെങ്കിൽ ചികിത്സയ്ക്കും പുനരധിവാസത്തിനുമായി സഹായം നൽകുക.

9. രജിസ്റ്റേർഡ് കായികതാരങ്ങൾക്ക് ഇൻഷ്വറൻസ് കവറേജ് നൽകുക.

10. മേൽപ്പറഞ്ഞ ഏതെങ്കിലും ആവശ്യങ്ങൾക്കായി കുറഞ്ഞ നിരക്കിലുള്ളതോ പലിശരഹിതമായതോ ആയ വായ്പകൾ നൽകുക തുടങ്ങിയവ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളിൽപ്പെടുന്നു.

| | | | |
|---|---|---|---|
| (സി) | കായിക താരങ്ങൾക്ക് അന്തർദേശീയ അവസരങ്ങൾ ലഭ്യമാക്കുന്നതിനും വിദേശകായിക പരിശീലകരെ ഏർപ്പെടുത്തുന്നതിനും പ്രസ്തുത ഫണ്ട് എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (സി) | മാർഗ്ഗരേഖ തയ്യാറാക്കുന്നതിന് കായികയുവജനകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ഫണ്ട് എങ്ങനെ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ? | (ഡി) | താഴെ പറയുന്ന പ്രകാരമുള്ള രീതിയിൽ ഫണ്ട് സ്വരൂപിക്കുവാൻ ഉദ്ദേശിക്കുന്നു: |

1. ഓരോ വർഷത്തേയും സംസ്ഥാന ബജററ് വിഹിതം.

2. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കുന്ന എല്ലാ വിധ റിക്കറിംഗ്/ നോൺ റിക്കറിംഗ് ധനസഹായങ്ങളും സംഭാവനകളും.

3. പാർലമെന്റിന്റെയോ, സംസ്ഥാന നിയമസഭയുടെയോ നിയമാനുസൃതമായി രൂപീകരിക്കപ്പെട്ട സ്റ്റാറ്റ്യൂട്ടറി ബോഡികളിൽ നിന്നുള്ള സംഭാവന.

ട്രസ്റ്റിന്റെ തീരുമാനത്തിന് വിധേയമായി അന്തർദ്ദേശീയ സംഘടനകൾ,

പൊതു-സ്വകാര്യകോർപ്പറേറ്റ് വിഭാഗങ്ങൾ, ട്രസ്റ്റുകൾ, സൊസൈറ്റികൾ, വ്യക്തികൾ എന്നിവിടങ്ങളിൽ നിന്നുള്ള സംഭാവന.

4. മറ്റേതെങ്കിലും മാർഗ്ഗങ്ങളിൽ നിന്നുള്ള വരുമാനം.

**സെക്ഷൻ ഓഫീസർ**